(ഇ) ഇതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) 1999-2000-ൽ ഭവന നിർമ്മാണത്തിന് അപേക്ഷ നൽകിയ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിനു വേണ്ടി എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) മൊത്തം 19,49,90,000/-രൂപ അനുവദിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	427.7 ലക്ഷം രൂപ
കൊല്ലം	-	244.3
ആലപ്പുഴ	-	364.65
കോട്ടയം	-	46.5
എറണാകുളം	-	203.00
തൃശ്ശൂർ	-	141.4
പാലക്കാട്	-	6.3
മലപ്പുറം	-	182.7
കോഴിക്കോട്	-	178.15
കണ്ണൂർ	-	71.35
കാസർഗോഡ്	-	65.66

(സി) ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വിശദമായ അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

(ഇ) ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ, അന്വേഷണ വിധേയമായി, സർവീസിൽനിന്നും സസ്പെൻസ് ചെയ്തിട്ടുണ്ട്.

(എഫ്) 19.49 കോടി രൂപ അനുവദിക്കുകയും 5571 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 747.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5 (*125) വട്ടോളി എസ്റ്റേറ്റിൽ വ്യാജ പട്ടയത്തിന്റെ മറവിൽ മരം വെട്ടിയ സംഭവം

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽപ്പെട്ട വട്ടോളി എസ്റ്റേറ്റിൽ വ്യാജ പട്ടയത്തിന്റെ മറവിൽ മരം വെട്ടിയ സംഭവം സർക്കാരിന്റെ ശ്രദ്ധ

LIBRARY ARCHIVES Kerala Legislative Assembly

യിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലേയും വനംവകുപ്പിലേയും എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. അവർ ആരെല്ലാം;

(സി) സി.പി. അലി എന്ന വ്യക്തിയുടെ പരാതിയിന്മേൽ വയനാട് ജില്ലാ കളക്ടർക്ക് ഗവൺമെന്റ് നൽകിയ ഉത്തരവ് എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) സി.പി. അലിയുടെ പാരതിയിന്മേൽ ചൂണ്ടിക്കാണിച്ച പ്രശ്നം പരിഹരിച്ച് നടപടി സ്വീകരിച്ചുവോ; അതിന്മേൽ എന്തെങ്കിലും റിപ്പോർട്ട് കളക്ടർ ഗവൺമെന്റിന് നൽകിയിട്ടുണ്ടോ;

(ഇ) പ്രസ്തുത മരം മുറിയുമായി ബന്ധപ്പെട്ട് റവന്യൂ സെക്രട്ടറി നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

ഈ സംഭവത്തെ കുറിച്ച് ശ്രദ്ധയിൽവന്ന ഉടൻതന്നെ ഇതിനെപ്പറ്റി വിശദമായി അന്വേഷിക്കുവാൻ റവന്യൂ സെക്രട്ടറി വയനാട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു. കളക്ടറുടെ മറുപടി തൃപ്തികരമല്ലായെന്ന് ബോധ്യപ്പെട്ടതിനാൽ വിശദമായ അന്വേഷണത്തിന് സർക്കാർ റവന്യൂ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(ബി) ഇതുമായി ബന്ധപ്പെട്ട നടപടിക്ക് വിധേയരായ റവന്യൂ വകുപ്പിലേയും വനംവകുപ്പിലേയും ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ശ്രീ. അലിയുടെ പരാതിയിന്മേൽ "ഉടനെ പരിഹരിച്ച് കൊടുക്കുവാനുള്ള നടപടി സ്വീകരിച്ചു റിപ്പോർട്ട് തരണം" എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവു നൽകിയിട്ടില്ല.

(ഡി) വയനാട് ജില്ലാ കളക്ടർ മാനന്തവാടി തഹസീൽദാർ വഴി നടത്തിയ അന്വേഷണത്തിലും മറ്റ് പരിശോധനയിലും മരം മുറിച്ച ഭൂമി സർവ്വേ നമ്പർ 88/എ3-ൽ പ്പെട്ടതാണെന്നും ഈ ഭൂമി കെ.പി.റ്റി. ആക്ടിന്റെ സെക്ഷൻ -5 നോട്ടിഫിക്കേഷനിൽപ്പെട്ടതല്ലായെന്നും, പ്രസ്തുത ഭൂമി റവന്യൂ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ അല്ലായെന്ന അടിസ്ഥാനത്തിൽ, മരം ശ്രീ. അലിക്ക് വിട്ടുകൊടുക്കുവാൻ ഡി.എഫ്.ഒ.ക്ക് കളക്ടർ ഉത്തരവ് നൽകി. അതിന്മേൽ കളക്ടർ റിപ്പോർട്ടും നൽകിയിട്ടുണ്ട്.

(ഇ) ഇത് സംബന്ധിച്ച് റവന്യൂ സെക്രട്ടറി നൽകിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത മരം മുറി നടന്ന സ്ഥലത്തെ സംബന്ധിച്ച് ഹൈക്കോടതി മുൻപാകെ കേസ്സ് നിലനിൽക്കുന്നതിനാൽ റിപ്പോർട്ടിന്റെ ഉള്ളടക്കം ഇപ്പോൾ വെളിപ്പെടുത്തുന്നത് സബ് ജുഡീസ് ആകും.

---

† ലൈബ്രറിയിൽ വച്ചിട്ട്.

LIBRARY ARCHIVES Kerala Legislative Assembly